**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1584** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവനനിർമ്മാണ മേഖലയിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | തീരുമാനമെടുത്തിട്ടില്ല |
| (ബി) | സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ലാത്ത പക്ഷം ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി റിപ്പോർട്ട് ആവശ്യപ്പെട്ടത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഭവന നിർമ്മാണ ബോർഡിന് വിവിധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ ലഭ്യമാവാനുള്ള തുക ലഭ്യമാകുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 08.11.22 ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പിൽ തീരുമാനം ആയി ദുർബല വിഭാഗക്കാർക്ക് ഉള്ള ഭവന പദ്ധതി ഇപ്പോൾ സർക്കാർ ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്നതിനാൽ ഭവന നിർമ്മാണ ബോർഡിന് നിലവിൽ ആ രംഗത്ത് പ്രവർത്തനം ഇല്ലാത്തതിനാൽ ഈ സംവിധാനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി പരിശോധിക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയിരുന്നു. ഇത് ചർച്ചയിലുണ്ടായ ഒരു അഭിപ്രായം മിനിട്സ് ആയി രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതില്ലെന്നും കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്തും, പ്രവർത്തന മേഖല വിപുലമാക്കിയും ബോർഡിനെ ശക്തിപ്പെടുത്തണമെന്ന് ബഹു. മുഖ്യമന്ത്രി തന്നെ നിർദ്ദേശം നല്കിയിട്ടുള്ളതാണ്. പുതിയ ബജറ്റിലും ബോർഡിനെ കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ നയപരമായ തീരുമാനമില്ലാതെ ഇത്തരം നടപടികൾ കൈക്കൊണ്ട | (സി) | ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | | |
| (ഡി) | ഭവനനിർമ്മാണ ബോർഡ് നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ